6. ശ്രീ. കെ. രാധാകൃഷ്ണൻ : ഒരു പ്രാവശ്യം

ക്യൂബ

7. ശ്രീ. കെ. ഇ. ഇസ്മയിൽ : 3 പ്രാവശ്യം

ഖത്തർ (ദോഹ), യു.എ.ഇ., കുവൈറ്റ്, ദുബായ്, അബുദാബി

8. ശ്രീ. പി. ആർ. കുറുപ്പ് (മുൻ മന്ത്രി) : ഒരു പ്രാവശ്യം

അമേരിക്ക, ജർമ്മനി, നെതർലാന്റ്, സ്വീഡൻ

9. ശ്രീമതി സുശീലാ ഗോപാലൻ : 3 പ്രാവശ്യം

ഈജിപ്ത് (കെയ്റോ), വിയറ്റ്നാം (ഹാനോയ്) ദുബായ്, അബുദാബി, മസ്കറ്റ്

10. ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : 2 പ്രാവശ്യം

അബുദാബി, ദുബായ്, ദോഹ, ഇസ്രായേൽ

11. ശ്രീ. ടി. ശിവദാസമേനോൻ : ഒരു പ്രാവശ്യം

അബുദാബി, ദുബായ്, ദോഹ, , ബഹറൈൻ,കുവൈറ്റ്, മസ്കറ്റ്

ഉത്തരം

(ബി-എഫ്) വിവരം ശേഖരിച്ചു വരുന്നു.
(ജി-കെ) വിവരം ശേഖരിച്ചു വരുന്നു.

**സെക്രട്ടേറിയറ്റ് വളപ്പിൽ നിർമ്മിക്കുന്ന സ്മാരകം**

11 (11) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സെക്രട്ടേറിയറ്റ് വളപ്പിൽ എന്തെങ്കിലും സ്മാരകം നിർമ്മിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അത് എന്തിന്റെ സ്മാരകമാണെന്ന് പറയുമോ ;

(സി) ഈ സ്മാരകം രൂപകല്പന ചെയ്തതാരാണ് ;

(ഡി) ഈ സ്മാരകം എന്താണെന്ന് വെളിപ്പെടുത്തുമോ ;

(ഇ) അതിന്റെ ബ്ലൂ പ്രിന്റിന്റെ കോപ്പി ലഭ്യമാക്കുമോ ;

(എഫ്) ഇതിന്റെ നിർമ്മാണത്തിന് ടെൻണ്ടർ വിളിച്ചിരുന്നുവോ; ഇല്ലെങ്കിൽ കാരണമെന്ത് ;

(ജി) ഇതിന് എന്തു ചെലവ് പ്രതീക്ഷിക്കുന്നു;

LIBRARY ARCHIVES Kerala Legislative Assembly

(എച്ച്) ഇതിന്റെ മേൽനോട്ടം ആരെയാണ് ഏല്പിച്ചിരിക്കുന്നത്;

(ഐ) ഇതിനെന്തു ചെലവ് വരും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) ഉണ്ട്. സ്വാതന്ത്ര്യത്തിന്റെ അമ്പതാം വാർഷികത്തിന്റെ സ്മരണയ്ക്കായാണ് ഈ സ്മാരകം നിർമ്മിക്കുന്നത്.

(സി) ശ്രീ. കെ. പി. സോമൻ

(ഡി) 100 അടി നീളവും, 50 അടി വീതിയും 6 അടി ഉയരവുമുള്ള ഒരു ശില്പം

(ഇ) അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(എഫ്) ഇല്ല. കലാമൂല്യമുള്ള ഒരു സ്മാരക നിർമ്മാണമായതിനാൽ പ്രശസ്തനായ ഒരു ശില്പിയെ അതേല്പിക്കുന്നതാണ് അഭികാമ്യമെന്ന് സർക്കാർ തീരുമാനിച്ചു.

(ജി) 29,93,500 രൂപ

(എച്ച് & ഐ) മേൽനേട്ടത്തിന് ആരേയും നിയമിച്ചിട്ടില്ല. ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള കമ്മിറ്റിയെ ഇത് സംബന്ധിച്ച് പണികൾ മോണിട്ടർ ചെയ്യാൻ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**മന്ത്രിമാരുടെ ടി.എ., ഡി.എ**

**12 (12)** പ്രൊഫ. സാവിത്രി ലക്ഷ്മണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഇതുവരെ മുഖ്യ മന്ത്രി ഉൾപ്പെടെയുള്ള മന്ത്രിമാർ, ഗവൺമെന്റ് ചീഫ് വിപ്പ് എന്നിവർ എന്തു തുക ടി.എ., ഡി.എ., എന്നീയിനങ്ങളിൽ കൈപ്പറ്റിയിട്ടുണ്ട്;

(ബി) ഈ കാലഘട്ടത്തിൽ മുഖ്യമന്ത്രി ഉൾപ്പെടെയുള്ള മന്ത്രിമാർ വിദേശപര്യടനം നടത്തിയ വകയിൽ ടി.എ., ഡി.എ., മറ്റലവൻസുകൾ എന്നീയിനങ്ങളിൽ എന്തു തുക വീതം കൈപ്പറ്റിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം 2000 മാർച്ച് 31 വരെ താല്ക്കാലിക കണക്കുപ്രകാരം മുഖ്യമന്ത്രി ഉൾപ്പെടെയുള്ള മന്ത്രിമാർ, ഗവൺമെന്റ് ചീഫ് വിപ്പ് എന്നിവർക്ക് ടി.എ., ഡി.എ.,ഇനത്തിൽ (വിമാനയാത്ര കൂലി ഒഴികെ) 88,53,125 രൂപ (എൺപത്തിയെട്ടു ലക്ഷത്തി അൻപത്തി മൂവായിരത്തി ഒരുന്നൂറ്റി ഇരുപത്തിയഞ്ചു രൂപ മാത്രം) ചെലവായിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചു വരുന്നു.

---

† അനുബന്ധം VII (1,2)



LIBRARY ARCHIVES Kerala Legislative Assembly

## അനുബന്ധം VII (1)

[നക്ഷത്രചിഹ്നമിടാത്ത ചോദ്യം 11 (11) കാണുക]

INDEPENDENCE GOLDEN JUBILEE MONUMENT IN FRONT OF THE SECRETARIAT



SCHEMATIC SECTION

## അനുബന്ധം VII ( 2)

[നക്ഷത്രചിഹ്നമിടാത്ത ചോദ്യം 11 (11) കാണുക]

INDEPENDENCE GOLDEN JUBILEE MONUMENT IN FRONT OF THE SECRETARIAT



SCHEMATIC PLAN

LIBRARY ARCHIVES Kerala Legislative Assembly